LIBRARY ARCHIVES Kerala Legislative Assembly

ജപ്പാൻ കുടിവെള്ള പദ്ധതി

122 (719) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിക്കായി തിരുവനന്തപുരം അരുവിക്കരയിൽ പുതുതായി നിർമ്മിച്ച പ്ലാന്റിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആയിട്ടുണ്ടോ ;

(ബി) ഈ പ്ലാന്റിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നല്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് ഏർപ്പെടുത്തിയിരുന്നത് ;

(സി) ഈ പ്ലാന്റിന്റെ പ്രവർത്തനത്തോടൊപ്പം ഇതിന്റെ മെയിന്റനൻസും ഇതിന്റെ നിർമ്മാണ ചുമതലയുള്ള കമ്പനി നടത്തണമെന്ന് വ്യവസ്ഥയുണ്ടോ ;

(ഡി) എത്ര വർഷത്തേക്കാണ് ഇത്തരത്തിൽ മെയിന്റനൻസ് കരാർ ഉണ്ടാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം അരുവിക്കരയിൽ പുതുതായി നിർമ്മിച്ച പ്ലാന്റിന്റെ പ്രവർത്തനം ഏറെക്കുറെ പൂർണ്ണ തോതിൽ ആയിട്ടുണ്ട്.

(ബി) പ്രസ്തുത പ്ലാന്റിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് ടി പ്ലാന്റിലെ ഓരോ വിഭാഗത്തിലെയും യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത നിരീക്ഷിച്ച് ടെസ്റ്റ് സർട്ടിഫിക്കറ്റ് നൽകിയതിനു ശേഷമാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടത്.

(സി) ഉണ്ട്. ആദ്യത്തെ ഒരു വർഷം ടി കമ്പനി തനിച്ചും രണ്ടാമത്തെ വർഷം വാട്ടർ അതോറിറ്റി നിയോഗിക്കുന്ന ജീവനക്കാർക്ക് പരിശീലനം നൽകി അവരുടേയുംകൂടി സഹായത്തോടെയും പ്ലാന്റിന്റെ മെയിന്റനൻസ് നടത്തേണ്ടതാണ്.

(ഡി) രണ്ടു വർഷത്തേക്കാണ് മെയിന്റനൻസ് കരാർ ഉണ്ടാക്കിയിട്ടുള്ളത്.

ഭാരതപ്പുഴയിലെ ശുദ്ധജല സംരക്ഷണം

123 (720) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്ത് കടുത്ത വരൾച്ച നേരിടുകയും കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്ന ഭാരതപ്പുഴയുടെ സമീപ പഞ്ചായത്തുക ളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പുഴയിലൊഴുകുന്നവെള്ളം സംഭരിച്ച് വയ്ക്കാനും വേനൽക്കാലത്ത് ഉപയോഗിക്കാനും വേണ്ടി ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ പട്ടാമ്പിയിൽ ഒരു ബൃഹത് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;